4/12/16

# കൃഷി അടിസ്ഥാന തൊഴിലാക്കി മാറ്റണം: മന്ത്രി രാധാമോഹൻ സിംഗ്



കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് നടന്ന കാർഷികമേളയും പ്രദർശനവും കേന്ദ്ര കൃഷി-കർഷക ക്ഷേമ വകുപ്പ് മന്ത്രി രാധാമോഹൻ സിംഗ് ഉദ്ഘാടനം ചെയ്യുന്നു

കാസർകോട്: സ്വതന്ത്ര ഇന്ത്യയുടെ അടിസ്ഥാന പ്രമാണം കൃഷിയിലൂന്നിതയാണെന്നും ഓരോരുത്തരും കൃഷിക്ക് മുഖ്യപരിഗണന നൽകണമെന്നും കേന്ദ്ര കൃഷി-കർഷക ക്ഷേമ വകുപ്പ് മന്ത്രി രാധാമോഹൻ സിംഗ് പറഞ്ഞു. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് കാസർകോഡ് സി.പി.സി.ആർ.ഐയിൽ നടന്ന കാർഷികമേളയും പ്രദർശനവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മറ്റു പലതിനും പിന്നാലെയായി നാം ഓടുമ്പോൾ കൃഷി മറന്നുപോകുന്നത് നമ്മുടെ തന്നെ നിലനിൽപ്പ് മറന്നുകൊണ്ടുള്ളതാണെന്ന് നാം മനസിലാക്കണം. ഗ്രാമങ്ങളിലെ ഇന്ത്യയെ കണ്ടെത്താൻ ഗാന്ധി ആവർത്തിച്ച് പറഞ്ഞതിന് പിന്നിൽ ഇത്തരം വിശാലമായ കാഴ്ചപ്പാടായിരുന്നു. ഭക്ഷണമില്ലാതെ നമുക്ക് ഏറെ നാൾ ജീവിക്കാൻ കഴിയില്ല. അതിനാൽ കൃഷിയില്ലാതെ നമുക്ക് ജീവിക്കാനാകില്ലെന്ന് അർഥം. അത്തരത്തിൽ ഓരോ വ്യക്തിയും കുടുംബവും ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തമാകണം. അതുവഴി ഓരോ സംസ്ഥാനവും ഭക്ഷ്യ സ്വയംപര്യാപ്ത സംസ്ഥാനമായി മാറണം. അതിന് കേന്ദ്രസർക്കാരിന്റെ എല്ലാവിധ സഹായവുമുണ്ടാകും.

കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സംസ്ഥാനം സമയബന്ധിതമായി ചെലവഴിക്കണം. പ്രധാനമന്ത്രി കൃഷി സംചൻയോജന പ്രകാരം കേരളത്തിൽ രണ്ട് ജലസേചന പദ്ധതികൾ നടന്നു വരികയാണെന്നും മന്ത്രി പറഞ്ഞു

കൃഷി മഹത്വപൂർണമായ ആശയംകുടിയാണ്. ജയ് കിസാൻ ജയ് ജവാൻ എന്നതാണ് നമ്മുടെ ഒരുകാലത്തെ മുദ്രാവാക്യം. ജവാനെപോലെ രാജ്യം കാക്കുന്നവരാണ് കർഷകരും. എന്നാൽ കർഷകന് അത്തരത്തിൽ പ്രധാന്യം ലഭിച്ചുവരുന്നില്ലെന്നത് മറ്റൊരു യാഥാർഥ്യമാണ്. കിസാന്റെ മകനായിരിക്കണം ഇന്ത്യയുടെ കൃഷിമന്ത്രിയെന്നും ഗാന്ധിജി പറഞ്ഞിരുന്നു. ഇറക്കുമതി ചെയ്ത് നമുക്ക് എന്നും നിലനിൽക്കാനാവില്ല. തേങ്ങയുടെ കാര്യത്തിൽ വലിയ പുരോഗതിയാണുണ്ടാക്കാനായത്. ഒരു കാലത്ത് ശ്രീലങ്ക, ഇന്തോനോഷ്യ തുടങ്ങി വിദേശ രാജ്യങ്ങളിൽ നിന്ന് തേങ്ങ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ ഈ രാജ്യങ്ങളിലേക്ക് ഇന്ത്യയിൽ നിന്നും തേങ്ങ കയറ്റിയയക്കുന്നുണ്ട്.

സുഗന്ധ വിളകളുടെ ഉത്പാദനത്തിൽ കൊച്ചു കേരളം ലോക ശ്രദ്ധേയമാണ്. മൊത്തം കൃഷിയുടെ 17.5ശതമാനവും സുഗന്ധ വിളകളാണ്. കൃഷി അഭിവൃദ്ധപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകർക്കാവശ്യമായ എല്ലാവിധ സഹായങ്ങളും കേന്ദ്രസർക്കാരിന്റെ ഭാഗകത്തുനിന്നുണ്ടാകുമെന്നും പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിപ്രകാരം കർഷകർക്കായി നിരവധി പാക്കേജുകൾ നടപ്പാക്കിവരികയാണെന്നും മന്ത്രി രാധാമോഹൻ സിംഗ് പറഞ്ഞു. പി കരുണാകരൻ എം പി അധ്യക്ഷത വഹിച്ചു. റവന്യു വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ, ഉത്തര കന്നഡ എം.പി.അനന്ത് കുമാർ ദത്താത്രേയ ഹെഗ്ഡേ, സി.പി.സി.ആർ.ഐ ഡയറക്ടർ ജനറൽ ഡോ.തിലോചൻ മഹാപാത്ര, കാംപ്കോ പ്രസിഡന്റ് എസ്.ആർ.സതീഷ് ചന്ദ്ര, മൊഗ്രാൽപുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എ.എ.ജലീൽ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ വി.പ്രദീപ് എന്നിവർ സംസാരിച്ചു. സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ.പി.ചൗഡപ്പ സ്വാഗതം പറഞ്ഞു.